'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

<u>പതിനാറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.914 30.10.2019 ന് മറുപടിയ്ക്ക്.

## <u>വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, അനൂപ് ജേക്കബ്<br>,, കെ.എസ്.ശബരീനാഥൻ : | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വന്യജീവികൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുകയും ജനങ്ങളുടെ ജീവന് ഭീഷണി ആകുന്നതും മൂലം സംസ്ഥാനത്തെ മലയോര ഗ്രാമങ്ങളിൽ ജനജീവിതം ദുസ്സഹമായി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വന്യമൃഗ പ്രതിരോധത്തിനായി സോളാർ വേലി, മതിൽ, ട്രഞ്ച് എന്നിവ ഇതിനകം എത്ര കിലോ മീറ്റർ വനാതിർത്തിയിലാണ് പൂർത്തിയായിട്ടുള്ളത് എന്നതിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ; ശേഷിക്കുന്ന ഭാഗത്ത് കൂടി വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ തീർക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) | വന്യമൃഗ പ്രതിരോധത്തിനായി സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മി ജൈവ വേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്ത് കൂടി വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | വന്യ ജീവികളുടെ ആക്രമണത്തിൽ നിന്നും വനാതിർത്തിയിലുള്ള ഗ്രാമങ്ങളിലെ ജനങ്ങളുടെ | | വന്യ ജീവികളുടെ ആക്രമണത്തിൽ നിന്നും വനാതിർത്തിയിലുള്ള ഗ്രാമങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിന് ഉന്നതതല യോഗം വിളിച്ചതിന്റെ വിശദ |

ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിന് ഉന്നതതല യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിഷയം | അദ്ധ്യക്ഷൻ | തീയതി | സ്ഥലം |
|---|---|---|---|---|
| 1 | വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി മേഖലയിലും കൽപ്പറ്റ മേഖലയിലും വന്യ മൃഗശല്യം | ബഹു. വനം വകുപ്പ് മന്ത്രി | 15.03.17 | നിയമ സഭാ സമുച്ചയം |
| 2 | സംസ്ഥാനത്തെ വന പ്രദേശങ്ങളിൽ നടക്കുന്ന മനുഷ്യ - വന്യജീവി സംഘർഷം | ബഹു. വനം വകുപ്പ് മന്ത്രി | 23.08.17 | 610-ാം നമ്പർ മുറി |
| 3. | ആതിരപ്പള്ളി, വാഴച്ചൽ, ചാലക്കുടി വന മേഖലകൾ | ബഹു. വനം വകുപ്പ് മന്ത്രി | 06.1.19 | ബഹു. വനം വകുപ്പ് മന്ത്രിയുടെ ഓഫീസ് |
| 4. | മലമ്പുഴ നിയോജക മണ്ഡലം | ബഹു. വനം വകുപ്പ് മന്ത്രി | 23.07.18 | ഭരണ പരിഷ്കാര കമ്മീഷന്റെ വസതി - കവടിയാർ ഹൗസ് |
| 5 | കണ്ണൂർ വനമേഖലയിലെ പ്രശ്നങ്ങൾ | ബഹു. വനം വകുപ്പ് മന്ത്രി | 07.07.18 | കണ്ണൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാൾ |
| 6 | കുട്ടമ്പുഴ വനമേഖലയിലെ വന്യമൃഗ ശല്യം, പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നത് | ബഹു. വനം വകുപ്പ് മന്ത്രി | 27.06.19 | നിയമ സഭാ സമുച്ചയം |
| 7 | ആതിരപ്പള്ളി, വാഴച്ചാൽ, ചാലക്കുടി വനമേഖലയിലെ വന്യ ജീവി ആക്രമണം | ബഹു. വനം വകുപ്പ് മന്ത്രി | 16.07.19 | സെക്രട്ടറിയേറ്റ് അനക്സ് -2 |
| 8. | ഊർങ്ങാട്ടിരി പഞ്ചായത്തിലെ വന്യമൃഗ ശല്യം | ബഹു. വനം വകുപ്പ് മന്ത്രി | 04.07.19 | നിയമസഭാ ചേമ്പർ |

തുടർന്നും ഉന്നതതല യോഗം വിളിച്ചു ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ